കോടതിയടക്കം എല്ലാ സർക്കാർ സ്ഥാപനങ്ങളുടെയും നടപടികൾ മലയാളത്തിലാവണമെന്ന് നിയമസഭ എത്രയോ മുമ്പ് തീരുമാനിച്ചിട്ടുള്ളതാണ്. പക്ഷേ, നിയമസഭയുടെ ഈ തീരുമാനം നടപ്പിൽ വരുത്തുന്നതിനുള്ള ദൃഢമായ ഇച്ഛാശക്തി ഒരു മന്ത്രിസഭയിലും ഇതുവരെ കാണുകയുണ്ടായിട്ടില്ല.

രാഷ്ട്രീയ വർണരാജിയിൽ കടുംചുവപ്പു മുതൽ വയലററ് വരെ പല നിറങ്ങളെയും പ്രതിനിധാനം ചെയ്യുന്ന മന്ത്രിസഭകൾ ഇവിടെ അധികാരത്തിൽ വന്നിട്ടുണ്ട്. ഭരണഭാഷ മലയാളമാക്കുന്ന കാര്യത്തിൽ ഇവയിൽ ചില മന്ത്രിസഭകൾ അല്പമൊക്കെ താല്പര്യം കാണിക്കാതിരുന്നിട്ടുമില്ല. എന്നാൽ, മൗലികമായ എന്തെങ്കിലും മാററം നടപ്പിൽ വരുത്തണമെങ്കിൽ അനുപേക്ഷണീയമായ ഇച്ഛാദാർഢ്യം, ഒരു കാര്യം തുടങ്ങാനും അതു ഫലപ്രാപ്തിവരെ കൊണ്ടെത്തിക്കാനും ആവശ്യമായ താല്പര്യസ്ഥിരത, ഒരു മന്ത്രിസഭയും ഇന്നോളം പ്രദർശിപ്പിച്ചിട്ടില്ല.

നീതിന്യായ നിർവഹണം ജനാധിപത്യാധിഷ്ഠിതമാക്കുന്നതിൽ, അയൽരാജ്യമായ തമിഴ്നാട് കൈവരിച്ചുകൊണ്ടിരിക്കുന്ന പുരോഗതി നാം ശ്രദ്ധിച്ച് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

തമിഴ്നാട്ട് ഗവണ്മെൻറിൻെറ ഈ നടപടി കേരളത്തിലെ 'ഉദ്ബുദ്ധ'രായ ജനങ്ങൾക്ക് ഒരു സാധനപാഠമാവേണ്ടതാണ്.

യഥാർത്ഥത്തിൽ, ഒരു മാററത്തിനു നാം ആഗ്രഹിക്കുന്നുണ്ടോ?

3 ഫെബ്രുവരി, 1982

# 39. കേരളഭരണം മലയാളത്തിൽ

നവംബർ 1–ാം തീയതി കേരളപ്പിറവി ദിനമായിരുന്നു. ഈ ദിനം ഈയാണ്ടിൽ തിരുവനന്തപുരത്ത് ആഘോഷിക്കപ്പെട്ടത്, കേരളത്തിലെ ഭരണഭാഷ മലയാളം ആകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതാനും സാംസ്കാരിക സംഘടനകൾ സിക്രട്ടേറിയററിൻെറ നടയിൽ നടത്തിയ 'കൂട്ടധർണ'യോടെയാണ്. ഈ കൂട്ടധർണ ഉദ്ഘാടനം ചെയ്തത് തിരുവനന്തപുരം സിററിയുടെ മേയർ ശ്രീ പ്രഭാകരൻനായർ ആയിരുന്നു. സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ഒരു സംഘടനയായ ഭരണപരിഷ്കാരവേദി, ശാസ്ത്രപ്രണയികളുടെ സംഘടനയായ ശാസ്ത്രസാഹിത്യ പരിഷത്ത്, സാക്ഷരതാപ്രചാരണത്തിനുവേണ്ടി നിലകൊള്ളുന്ന അനൗദ്യോഗിക സംഘടനയായ 'കാൻഫെഡ്', യുക്തിവാദി സംഘടന, വില്ലേജ് സ്റ്റാഫ് അസോസ്യേഷൻ, 'വിജിൽ ഇന്ത്യ' മൂവ്മെൻറ്, എസ്.എൻ. യൂത്ത് മൂവ്മെൻറ് എന്നീ സ്ഥാപനങ്ങളുടേയും കേരള ഭാഷാ ഇൻസ്റ്റിട്യൂട്ട് സ്റ്റാഫ് അസോസ്യേഷൻേറയും അംഗങ്ങൾ ഈ ധർണയിൽ പങ്കെടുത്തു. കേരളത്തിലെ പൊതുജീവിതത്തിൽ തല മുതിർന്ന ശ്രീ പി. എൻ. പണിക്കർ, ശ്രീ പി.ടി. ഭാസ്കരപ്പണിക്കർ മുതലായവരാണ് ഈ ധർണയ്ക്കു നേതൃത്വം നൽകിയത്. പൊതുജനാഭിപ്രായത്തിൻെറ പ്രതിഫലനമായിരുന്നു ഈ 'ധർണ' എന്നതിൽ സംശയമില്ല.

1980 മുതൽ പഞ്ചായത്ത്-താലൂക്ക്-ഡിസ്ട്രിക്ട് തലങ്ങളിൽ കേരളത്തിൻെറ ഭരണഭാഷ മലയാളമായിരിക്കണമെന്ന് കേരളഗവണ്മെൻറ് എത്രയോ മുമ്പു തീരുമാനിച്ചിരുന്നു എന്നതാണ് ഇതിലെ രസകരമായ വസ്തുത. എന്നിട്ടും 1982–ൽ എന്തുകൊണ്ട് ഇങ്ങനെ ഒരു ധർണ വേണ്ടി വന്നു?

തീരുമാനിച്ച കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനു കഴിവുള്ളവയല്ല കേരളത്തിലെ ഭരണകൂടങ്ങൾ എന്നതാണ് ഇതിനുള്ള ഉത്തരം. മന്ത്രിസഭ രൂപവൽക്കരിക്കുന്നതു് ഏതു പാർട്ടിയായാലും ഈ കഴിവുകേട് എല്ലാ മന്ത്രി സഭകൾക്കും പൊതുവിലുള്ളതാണ്. വ്യക്തിതാല്പര്യങ്ങൾ നിറവേററി ക്കൊടുക്കുന്നതിനും നിത്യനിദാനകാര്യങ്ങൾ വല്ലപാടും നടത്തിക്കൊണ്ടു പോകുന്നതിനുമായി ഈ മന്ത്രിസഭകളുടെ അധ്വാനശേഷി മുഴുവൻ ചെല വഴിക്കപ്പെടുന്നു. അല്പം വല്ലതും ബാക്കിയുണ്ടെങ്കിലതു് 'വിമോചന' പ്രസ്ഥാനങ്ങളോടും 'കാലുവാരൽ' പ്രസ്ഥാനങ്ങളോടും മല്ലിടുന്നതിൽ നഷ്ടപ്പെടുന്നു. ഇതു നിമിത്തം ദേശീയ പ്രാധാന്യമുള്ള മൗലികനയങ്ങൾ ആവിഷ്കരിക്കാനോ അത്തരം നയങ്ങൾ അനുസരിച്ചുള്ള പരിപാടികൾ നട പ്പിൽ വരുത്താനോ കേരള സർക്കാരുകൾക്കു് കഴിയാതെപോവുന്നു. വിദ്യാഭ്യാസപരിഷ്കരണമായാലും, ഭൂപരിഷ്കരണമായാലും വ്യവസായ നയമായാലും, ഭരണഭാഷാനയമായാലും, തുടങ്ങിവെച്ച കാര്യങ്ങൾ പാതി യിൽ ഇട്ടുകളയുവാനും അതിൻഫലമായി സംഗതികൾ കുറേക്കൂടി വഷളാ ക്കാനുമല്ലാതെ, നിശ്ചയദാർഢ്യത്തോടെ പ്രവർത്തിച്ച് ഫലസിദ്ധിയിലെ ത്താൻ കേരളത്തിലെ ഒരു മന്ത്രിസഭയ്ക്കും ഇന്നോളം സാധിച്ചിട്ടില്ല.

ഈയാണ്ടിൽ നവംബർ 1-ാം തീയതി ആഘോഷിക്കപ്പെട്ടതു് കേരള സംസ്ഥാനത്തിന്റെ ഇരുപത്താറാം വാർഷികമായിരുന്നു. തിരുവിതാം കൂർ സംസ്ഥാനത്തിലെ ഏതാനും പ്രദേശങ്ങളും കൊച്ചി സംസ്ഥാനവും മലബാർ ജില്ലയും ദക്ഷിണ കർണാടകജില്ലയിലെ ഏതാനും പ്രദേശങ്ങളും ഉൾക്കൊള്ളിച്ച്, മലയാളം സംസാരിക്കുന്ന ജനങ്ങൾക്ക ഭൂരിപക്ഷമുള്ള കേരളസംസ്ഥാനം 1956 നവംബർ 1-ാം തീയതി രൂപവല്കരിച്ചതിന്റെ ഉദ്ദേശ്യം ജനങ്ങളുടെ ഭാഷയിലൂടെ ഭരണകാര്യങ്ങൾ നിർവഹിക്കുന്ന ഒരു സർക്കാർ ഈ പ്രദേശത്തു് നിലവിൽവരുത്തുകയെന്നതായിരുന്നു. ഇതു് അത്ര പ്രയാസമുള്ള ഒരു സംഗതിയായിരുന്നില്ല. കാരണം, തിരുവിതാം കൂർ-കൊച്ചി സംസ്ഥാനങ്ങളിൽ വളരെ കാലത്തോളം മലയാളമായിരുന്നു ഭരണഭാഷ; മലബാർ പ്രദേശത്താണെങ്കിൽ ബ്രിട്ടീഷ് വാഴ്ചക്കാലത്തു തന്നെ ഭരണത്തിൽ വളരെ വലിയ ഒരളവോളം മലയാളഭാഷ ഉപയോഗി ക്കപ്പെട്ടുമിരുന്നു.

എന്നാൽ 1956 നവംബർ 1 മുതൽ 1982 നവംബർ 1 വരെ 26 വർഷ ക്കാലത്തെ കേരളസർക്കാരുകളുടെ ചരിത്രം പരിശോധിച്ചാൽ, ഭരണത്തി ന്റെ തലപ്പത്തിരിക്കുന്നവരുടെ നിരന്തരശ്രമം ഭരണത്തിന്റെ കൂടുതൽ കൂടു തൽ മേഖലകളിൽനിന്നു മലയാളത്തെ സ്ഥാനഭ്രഷ്ടമാക്കി, അവിടെയെ ല്ലാം ഇംഗ്ലീഷിനെ തിരുകിക്കയററുന്നതിനായിരുന്നു എന്നു വ്യക്തമായി കാണാൻ കഴിയും. ഇതിന്റെ ഫലമോ? 1956-ൽ മലയാളത്തിൽ നിർ വഹിക്കപ്പെട്ടിരുന്ന പല സർക്കാർ കാര്യങ്ങളും ഇപ്പോൾ നടത്തുന്നതു് ഇംഗ്ലീഷിലായിരിക്കുന്നു!

കേരള സംസ്ഥാനം നിലവിൽ വന്നതോടെ ഭരണം മലയാളത്തിലേ ക്കു മാററുന്നതിനുള്ള ശ്രമങ്ങളും ആരംഭിച്ചു. ഭരണത്തിൽ തഴക്കവും ഭാഷ യിൽ പാണ്ഡിത്യവുമുള്ള കോമാട്ടിൽ അച്യുതമേനോന്റെ അധ്യക്ഷത യിൽ, ഭരണം മലയാളത്തിലൂടെയാക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പി ക്കുന്നതിനായി ഒരു കമ്മററി രൂപവല്കരിക്കപ്പെട്ടു. ഈ കമ്മററി ഒരു ഭരണ ശബ്ദാവലി തയ്യാറാക്കുകയും, ഭരണം എല്ലാ തലത്തിലും മലയാളത്തിലാ ക്കുന്നതിനുള്ള വിശദനിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. പക്ഷേ, ഈ നിർദേശങ്ങൾ നടപ്പിലാക്കുന്നതിനു് കമ്യൂണിസ്റ്റ് പാർട്ടിയുടേയോ കോൺ ഗ്രസ് പാർട്ടിയുടേയോ സോഷ്യലിസ്റ്റ് പാർട്ടിയുടേയോ നേതൃത്വത്തിൽ തുടർച്ചയായി രൂപവല്കരിക്കപ്പെട്ട കേരള മന്ത്രിസഭകൾ ഒരു നടപടിയും കൈക്കൊണ്ടില്ല.

ഒടുവിൽ, പൊതുജനപ്രക്ഷോഭത്തെത്തുടർന്ന് ഭരണം മലയാളത്തിലാക്കുന്നതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥനായി ശ്രീ മലയാററൂർ രാമകൃഷ്ണൻ ഐ.എ.എസ്. നിയമിക്കപ്പെട്ടു. ശ്രീ രാമകൃഷ്ണൻ ഭരണശബ്ദാവലി ഒന്നുകൂടി വിപുലമാക്കി. ചില വകുപ്പുകളിൽ ഉടനടി മലയാളം ഭരണഭാഷയാക്കണമെന്നു നിർദേശിക്കുകയും ചെയ്തു. കോമാട്ടിൽ അച്യുതമേനോൻ കമ്മററിയുടെ ശുപാർശകളെക്കാൾ എത്രയോ പരിമിതങ്ങളായിരുന്നു ശ്രീ രാമകൃഷ്ണന്റെ ശുപാർശകൾ. പക്ഷേ, ഈ ശുപാർശകളും വനരോദനമായി കലാശിച്ചതേയുള്ളു.

കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടെ 1968-ൽ കേരള ഭാഷാ ഇൻസ്റ്റിട്യൂട്ട് സ്ഥാപിച്ചതിന്റെ ഉദ്ദേശ്യം ഭരണമാധ്യമമായും വിദ്യാഭ്യാസമാധ്യമമായും മലയാളം നടപ്പിൽ വരുത്തുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയായിരുന്നു. ഇൻസ്റ്റിട്യൂട്ടിന്റെ ഡയറക്ടറായി നിയമിക്കപ്പെട്ട എനിക്ക്, മലയാളം ഭരണമാധ്യമമാക്കുന്നതിന് അതുവരെ സിക്രട്ടേറിയററിൽ നടന്ന പരിശ്രമങ്ങളുടെ വിവരം ലഭിക്കാൻപോലും അത്യധ്വാനം ചെയ്യേണ്ടിവന്നു. ഉയർന്ന ഉദ്യോഗത്തിലിരിക്കുന്ന ഒരു സുഹൃത്ത് സിക്രട്ടേറിയററിൽനിന്ന് രഹസ്യമായി കടത്തിക്കൊണ്ടുപോന്ന ഒരു ഫയലിനെ അടിസ്ഥാനപ്പെടുത്തി വേണ്ടിവന്നു എനിക്ക് ഈ വിഷയത്തിലുള്ള പ്രയത്നം ആരംഭിക്കാൻ. ആ ഫയൽ എനിക്കു ശരിയായ വഴിയിലൂടെ തരുന്നതിൽ അന്ന് അവിടെയുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാർക്കു താല്പര്യമില്ലായിരുന്നു;

പ്രാദേശിക ഭാഷകൾ ഭരണമാധ്യമങ്ങളാക്കുന്നതിന് ഇന്ത്യയിലെ മററ് ഏതാനും സംസ്ഥാനങ്ങൾ നടത്തിവന്നിരുന്ന പരിശ്രമങ്ങളേയും അതിനായി അവർ ഉണ്ടാക്കിയിരുന്ന സംവിധാനങ്ങളേയും കുറിച്ച് ഞാൻ പഠിക്കുകയും മലയാളം ഭരണമാധ്യമമാക്കുന്നതിനുള്ള വിശദങ്ങളായ നിർദേശങ്ങൾ ഗവണ്മെന്റിലേക്കു സമർപ്പിക്കുകയും ചെയ്തു. ഇതിനെത്തുടർന്നാണ് സിക്രട്ടേറിയററിൽ ഒരു ഔദ്യോഗിക ഭാഷാവകുപ്പ് രൂപവല്ക്കരിക്കപ്പെട്ടത്. ഇതോടൊപ്പം, ഫയൽ സൂക്ഷിക്കുമ്പോഴും ഉത്തരവു പുറപ്പെടുവിക്കുമ്പോഴും സാധാരണ ഉപയോഗിക്കാറുള്ള ഇംഗ്ലീഷ് ശൈലികൾക്ക് സമാന്തരങ്ങളായ മലയാളശൈലികളും മററും ഉൾപ്പെടുത്തി വിപുലമായ ഒരു ഭരണശബ്ദാവലി ഭാഷാ ഇൻസ്റ്റിട്യൂട്ടിൽനിന്നു പ്രസിദ്ധീകരിച്ചു. ഇംഗ്ലീഷിലുള്ള പതിനായിരക്കണക്കിന് ഫോറങ്ങൾ മലയാളത്തിൽ വിവർത്തനം ചെയ്തു. മലയാളത്തിൽ രേഖകൾ സൂക്ഷിക്കുന്നതിന് പല തലങ്ങളിൽ ഉദ്യോഗസ്ഥർക്കു പരിശീലനം നൽകി. ഓരോ ആപ്പീസിലും മലയാളം ഭരണമാധ്യമമാക്കുന്നതിനുള്ള ചുമതല ഓരോ ഉദ്യോഗസ്ഥന്മാരെ ഏല്പിക്കുകകൂടി ചെയ്തു.

എന്നിട്ടെന്തുണ്ടായി? ഏറെ താമസിയാതെ ഈ പ്രവർത്തനങ്ങൾ മന്ദഗതിയിലായി; ഒടുവിൽ തീരെ നിലച്ചുപോവുകയും കാര്യങ്ങൾ പഴയ നിലയിൽത്തന്നെ എത്തുകയും ചെയ്തു!

പിന്നീട് ശ്രീ എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോഴും, ശ്രീ ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോഴും ഈ പരിശ്രമങ്ങൾ പുനഃരുജ്ജീവിപ്പിക്കാൻ ശ്രമങ്ങൾ നടന്നു. പക്ഷേ, കാണത്തക്ക ഒരു ഫലവും ഈ ശ്രമങ്ങൾക്ക് അപ്പോഴും ഉണ്ടായില്ല.

മലയാളമാധ്യമത്തിലേക്കുള്ള പരിവർത്തനത്തെ, അന്തസ്സിന്റെ പേരിൽ കരുതിക്കൂട്ടി ചെറുക്കുന്ന ഒരുകൂട്ടം ഉദ്യോഗസ്ഥർ സിക്രട്ടേറിയററിലും മററു സർക്കാർ ആപ്പീസുകളിലും ഉണ്ടായിരിക്കാം. എന്നാൽ, ഇവരുടെ ക്രിയാത്മകമായ എതിർപ്പല്ല, മറിച്ച് ബഹുഭൂരിപക്ഷം വരുന്ന സാധാരണ ഉദ്യോഗസ്ഥരുടെ നിഷ്ക്രിയമായ ഔദാസീന്യം (ഇനെർഷ്യ) ആണ് ജനാധിപത്യത്തിലേക്കുള്ള പരിവർത്തനത്തിന് അനുപേ

ക്ഷണീയമായ ഈ ഭരണപരിഷ്കാരത്തെ തുരങ്കംവെക്കുന്നത്. ഈ ഉദ്യോഗസ്ഥരെല്ലാം മുഖ്യമായി പഠിച്ചത് ഇംഗ്ലീഷാണ്. ഫയലുകളിൽ, മുമ്പു കണ്ടപടി, കുറിക്കുന്നതാണ് അവരുടെ മുഖ്യ ജോലി. ഈ മുൻ കുറിപ്പുകളെല്ലാം ഇംഗ്ലീഷിലാകുന്നു. അതിനാൽ ഇംഗ്ലീഷിൽതന്നെ കുറിക്കുന്നതാണ് അവർക്കു സൗകര്യം. അവർ എഴുതുന്നതിന്റെ അർത്ഥം ദുർഗ്രഹമോ ഭാഷ വികലമോ ആയാലും തരക്കേടില്ല. ചിന്തിക്കുക എന്ന ക്ലേശകരമായ പ്രക്രിയ ഒഴിവായിക്കിട്ടുമല്ലോ. അതിനാൽ, നിവൃത്തിയുണ്ടെങ്കിൽ അവർ ഇംഗ്ലീഷിലേ ഫയൽ എഴുതുകയും ഉത്തരവു പുറപ്പെടുവിക്കുകയുമുള്ളൂ. ഇക്കാര്യത്തിൽ ഭരണാധികാരവർഗം റബർപോലെയാണ്. സമ്മർദം പ്രയോഗിച്ചാൽ അവർ സ്വയം വഴങ്ങിക്കൊടുക്കും. പക്ഷേ, സമ്മർദം പോയാൽ വീണ്ടും പഴയ സ്ഥിതിയിലെത്തും. അതിനാൽ, ഭരണമധ്യമം മലയാളമാക്കുന്നത് ആശാസ്യമെങ്കിൽ, ഫലസിദ്ധി കൈവരുംവരെ അതിനായി രാഷ്ട്രീയനേതൃത്വം നിരന്തര സമ്മർദം ചെലുത്തേണ്ടതുണ്ട്. പക്ഷേ, ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടി ഈ വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ?

മലയാളഭാഷയെ കേരളത്തിലെ ഭരണമാധ്യമമാക്കുന്നതിനുവേണ്ടി ഔദ്യോഗിക–അനൗദ്യോഗികതലങ്ങളിൽ നടന്ന പരിശ്രമങ്ങളിൽ ദീർഘകാലം ഭാഗഭാക്കായിരുന്ന ഒരാളെന്ന നിലയിൽ, എനിക്ക് ഉറപ്പിച്ചുപറയാൻ കഴിയും: ഈ പരിവർത്തനം മുകളിൽ മന്ത്രിസഭാതലത്തിൽനിന്ന് ആരംഭിക്കേണ്ടിയിരിക്കുന്നു. മന്ത്രിസഭയുടെ അജണ്ട തയ്യാറാക്കുന്നത് മലയാളത്തിലാവണം. ഇതിന് വലിയ പ്രയാസമൊന്നുമില്ല. മന്ത്രിസഭയുടെ മിനിററ്സ് മലയാളത്തിൽ എഴുതി സൂക്ഷിക്കണം. അവയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥന്മാർ പുറപ്പെടുവിക്കുന്ന കല്പനകളും മലയാളത്തിലാവണം. ഇങ്ങനെ ഭരണചിന്തയുടെ സ്രോതസ്സിൽത്തന്നെ പരിവർത്തനം വന്നാലേ, അടിയിൽ, വില്ലേജ്തലംവരെ, ഭരണം സംബന്ധിച്ച നടപടികൾ മലയാളത്തിൽ ആയിത്തീരുകയുള്ളൂ.

നിർഭാഗ്യവശാൽ, മുകളിൽനിന്ന് ഈ പരിവർത്തനം വരുത്തുന്നതിന് നമ്മുടെ മന്ത്രിമാർ തയ്യാറല്ല. ഇതു് ആശാസ്യമെന്നു കരുതുന്നവർക്കു തന്നെ അതിനാവശ്യമായ ഇച്ഛാശക്തിയില്ല. ഈ സ്ഥിതിയിൽ മാററം വരുംവരെ, മലയാളം കേരളത്തിലെ ഭരണഭാഷയാവുകയില്ല; ആണ്ടുതോറും നവംബർ 1–ന് സിക്രട്ടേറിയററ് പടിക്കൽ, മലയാളം ഭാഷയാക്കാനുള്ള ധർണകൾ നമുക്കു തുടർന്നു നടത്തേണ്ടിവരും.

ഭരണത്തിന്റെ രണ്ടു തലങ്ങളിൽ മാത്രമേ മലയാളം മാധ്യമമാക്കുന്നതിന് ഇപ്പോൾ ചില സാങ്കേതിക തടസ്സങ്ങളുള്ളൂ. ഒന്നാമത്, ട്രഷററിൽനിന്ന് അക്കൗണ്ടന്റ് ജനറലിനു കൊടുക്കുന്ന രേഖകൾ, നിയമപ്രകാരം, ഇപ്പോഴും ഹിന്ദിയിലോ ഇംഗ്ലീഷിലോ ആയിരിക്കണം. രണ്ടാമത്, ഹൈക്കോടതിയിലെ ഭാഷ ഇപ്പോഴും ഇംഗ്ലീഷ്തന്നെയാണ്. ഈ രണ്ടു മേഖലകളൊഴികെ, ഭരണത്തിന്റെ മററെല്ലാ മേഖലകളിലും വേണമെങ്കിൽ ഇന്നുമുതൽ മലയാളമാധ്യമം നടപ്പിൽ വരുത്തുവാൻ ഇച്ഛാശക്തിയും ആജ്ഞാശക്തിയുമുള്ള ഒരു മുഖ്യമന്ത്രിക്കു കഴിയും.

അത്തരമൊരു മുഖ്യമന്ത്രിയെ, പക്ഷേ, കേരളം ഇനിയങ്ങോട്ടു് കണ്ടെത്തേണ്ടിയിരിക്കുന്നു.

4 നവംബർ, 1982